നം. എൻ.ഇ.പി3/236124/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം – 14, തീയതി: 04/08/2023

# സർക്കുലർ

വിഷയം:– **പൊതുവിദ്യാഭ്യാസം – 'സമ്പൂർണ'യിൽ സ്കൂൾ കുട്ടികളുടെ യു.ഐ.ഡി. കൃത്യമാക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചത് സംബന്ധിച്ച്.**

സൂചന:– പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.07.2023 ലെ എൻ.ഇ.പി.3236124/21/ഡി.ജി.ഇ നമ്പർ സർക്കുലര്

സൂചന പ്രകാരം 'സമ്പൂർണ'യിൽ യു.ഐ.ഡി ഇൻവാലിഡ് ആയ കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ, ഇൻവാലിഡ് ആയതിന്റെ കാരണം എന്നിവ ഉൾപ്പെടുത്തുന്നതിന് നിർദേശിച്ചിരുന്നു. ഭൂരിഭാഗം സ്കൂളുകളും പ്രസ്തുത പ്രവർത്തനം നടത്തിയിട്ടുണ്ട്. എന്നാൽ ചില സ്കൂളുകൾ കുട്ടികളുടെ ആധാറിന്റെ അവ്യക്തമായ ഫോട്ടോയാണ് ഉൾപ്പെടുത്തിയത്. അതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാ സ്കൂൾ പ്രഥമാധ്യാപകരും നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

- ഇൻവാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ (കുട്ടിയുടെ ചിത്രം, ആധാർ നമ്പർ, പേര്, ജെൻഡർ, ജനനത്തീയതി എന്നിവ ഉൾപ്പെട്ടത്) ഇതുവരെ അപ്‌ലോഡ് ചെയ്യാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ 05.08.2023 വൈകിട്ട് 05.00 മണിയ്ക്ക് മുൻപ് അടിയന്തിരമായി പ്രസ്തുത പ്രവർത്തനം നടത്തേണ്ടതാണ്.
- സ്കൂളുകൾ നിലവിൽ അപ്‌ലോഡ് ചെയ്ത ആധാറിന്റെ ഫോട്ടോ പരിശോധിച്ച് റിമാർക്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ Valid ആയി രേഖപ്പെടുത്താത്ത ഓരോ ഫോട്ടോയും പരിശോധിച്ച് ആവശ്യമെങ്കിൽ Reset ചെയ്ത് അപ്ഡേറ്റ് ചെയ്യണം.
- ഈ വിഷയത്തിൽ ഇനി മേലിൽ കാലപരിധി ദീർഘിപ്പിക്കുന്നതായിരിക്കില്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
കരുതൽ ശേഖരം